(ബി) ഈ ആവശ്യത്തിനായി എത്ര രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഈ ചന്ദ്രശേഖരൻ നായർ):

(എ) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും.

(ബി) 32,94,900 രൂപ.

(4) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സാംസ്കാരിക വേദിക്കാരുടെ പ്രകടനങ്ങൾ

882 [1637] ശ്രീമതി കെ. ആർ. സരസ്വതി അമ്മ:
ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വേദിക്കാരുടെ പ്രകടനങ്ങൾ എന്ത് അടിസ്ഥാനത്തിലാണ് ഗവൺമെൻറ് പിരിച്ചുവിടുന്നതെന്നും നിരോധിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) അവർ നടത്തുന്ന പ്രകടനംപോലെ മറ്റു സംഘടനകൾ നടത്തുന്ന പ്രകടനങ്ങളുടെ നേരെ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉത്തരം

(എ) അക്രമാസക്തമല്ലാത്ത പ്രകടനങ്ങളെയൊന്നും പിരിച്ചുവിടുകയോ നിരോധിക്കുകയോ ചെയ്യുന്നില്ല.

(ബി) ഇക്കാര്യത്തിലുള്ള നയം മുൻപറഞ്ഞതുതന്നെയാണ്.

വെള്ളറട പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

883 [1638] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്ന ആനപ്പാറ ജംഗ്ഷനിൽതന്നെ ഫോറസ്റ്റ് വകുപ്പിൽനിന്നും അവശ്യമായ സ്ഥലം എടുത്തുകൊണ്ട് പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുവാൻ സത്വരമായ നടപടി സ്വീകരിക്കുമോ;

(സി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം ആർ. ഡി. ഒ. അദ്ധ്യക്ഷനായും നെയ്യാറിൻകര ഡി. വൈ. എസ്. പി., ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, ഡിസ്ട്രിക്ട് രജിസ്ട്രാർ എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികളെടുത്തുവരുന്നു.

(സി) അതിന്റെ ആവശ്യം ഉണ്ടെന്ന് സർക്കാർ കരുതുന്നില്ല.

രജിസ്റ്റർ ചെയ്ത സഹകരണസംഘങ്ങൾ

884 [1640] ശ്രീ. ജോസ് താന്നിക്കൽ:
,, കെ. മുഹമ്മദാലി:
,, വി. സി. കബീർ:
,, എം. സി. ചെറിയാൻ:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ കീഴിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 281.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.—

1.	തിരുവനന്തപുരം	..	20
2.	കൊല്ലം	..	26
3.	ആലപ്പുഴ	..	63
4.	കോട്ടയം	..	17
5.	ഇടുക്കി	..	14
6.	എറണാകുളം	..	42
7.	തൃശ്ശൂർ	..	19
8.	പാലക്കാട്	..	23
9.	മലപ്പുറം	..	8
10.	കോഴിക്കോട്	..	23
11.	കണ്ണൂർ	..	26

തിരക്കേറിയ റോഡുകളിൽ വാഹനങ്ങൾ നിറുത്തി കഴുകുന്നതു കൊണ്ടുള്ള അസൗകര്യം

885 [1641] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ തിരക്കേറിയ റോഡുകളിൽ വാഹനങ്ങൾ നിറുത്തി കഴുകുന്നതുകൊണ്ട് കാൽനടക്കാർക്ക് അസൗകര്യവും മറ്റുവാഹനങ്ങൾക്ക് അപകടങ്ങളും ഉണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly